നോൺ രജിസ്ട്രേഡ് ഹോമിയോ പ്രാക്ടീഷണർമാർക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള അടിയന്തിര നടപടി

139 [5937] ശ്രീ. സി. മോയിൻകുട്ടി:
,, സി. ടി. അഹമ്മദ് അലി:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്ത് 2-11-1987 വരെ പ്രാക്ടീസ് ചെയ്തുവന്ന നോൺ രജിസ്ട്രേഡ് ഹോമിയോ പ്രാക്ടീഷണർമാർക്ക് "ബി" ക്ലാസ് രജിസ്ട്രേഷൻ നൽകണമെന്ന് മെഡിക്കൽ കൗൺസിൽ രജിസ്ട്രാർക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നായിരുന്നു ഉത്തരവ് പുറപ്പെടുവിച്ചത്; ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) പ്രസ്തുത ഉത്തരവനുസരിച്ച് എത്ര നോൺ രജിസ്ട്രേഡ് ഹോമിയോ പ്രാക്ടീഷണർമാർക്ക് രജിസ്ട്രേഷൻ നാളിതുവരെ നൽകിയിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ ഉത്തരവ് പാലിക്കാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥർ ആരെല്ലാം; അവർക്കെതിരായി എന്തു നടപടി സ്വീകരിച്ചു;

(എഫ്) മലബാർ ഭാഗത്തെ നോൺ രജിസ്ട്രേഡ് ഹോമിയോ പ്രാക്ടീഷണർമാർക്ക് രജിസ്ട്രേഷൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഒരു നിർദ്ദേശം 27-3-2001-ലെ കത്തു പ്രകാരം മെഡിക്കൽ കൗൺസിൽ രജിസ്ട്രാർക്ക് നൽകിയിരുന്നു.

(ബി) 27-3-2001-ൽ. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(സി, ഡി) ആർക്കും രജിസ്ട്രേഷൻ നൽകിയിട്ടില്ല. ഇപ്പോൾ "ബി" ക്ലാസ്സ് രജിസ്ട്രേഷൻ നൽകാൻ 1973-ലെ ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ നിയമത്തിൽ വ്യവസ്ഥയില്ല.

(ഇ) കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ നിയമത്തിൽ വ്യവസ്ഥയില്ലാത്തതു കൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം നടപ്പാക്കാൻ കഴിയാത്തത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 പ്രകാരം നോൺ രജിസ്ട്രേഡ് ഹോമിയോ പ്രാക്ടീഷണർമാർക്ക് രജിസ്ട്രേഷൻ നൽകാൻ ഇപ്പോൾ വ്യവസ്ഥയില്ല.

പെരുമണ്ണ ഹോമിയോ ഡിസ്പെൻസറിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കാൻ നടപടി

140 [5938] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിൽ നിലവിൽ ഡോക്ടർ ഇല്ലാത്തതുകൊണ്ട് രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഈ ഡിസ്പെൻസറിയിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല. പെരുമണ്ണ ഹോമിയോ ഡിസ്പെൻസറിയിൽ ദിവസ വേതന വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഹോമിയോപ്പതി വകുപ്പിലെ മറ്റൊരു സ്ഥിരം മെഡിക്കലാഫീസർക്ക് പ്രസ്തുത ഡിസ്പെൻസറിയുടെ പൂർണ്ണ അധിക ചുമതലയും നൽകിയിട്ടുണ്ട്.

(സി) പെരുമണ്ണ ഹോമിയോ ഡിസ്പെൻസറിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

പാരമ്പര്യ/സിദ്ധ വൈദ്യൻമാർക്ക് ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കാൻ സത്വര നടപടികൾ

141 [5939] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാരമ്പര്യ/സിദ്ധ വൈദ്യൻമാർക്ക് 1940-ന് ശേഷം ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥേഷ്ടം ലഭിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly